**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ -സ്വകാര്യ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ നിന്നും നിരവധി വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസത്തിന് അന്യ സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന സാഹചര്യത്തിൽ സർക്കാർ - സ്വകാര്യ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (എ) | സർക്കാർ പരിശോധിച്ച് വരുന്നു . |
| (ബി) | അടിസ്ഥാന സൗകര്യങ്ങളുള്ള മികച്ച മെഡിക്കൽ കോളേജുകളിൽ അധിക സീറ്റും ബാച്ചും അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ; | (ബി) | സർക്കാർ പരിശോധിച്ച് വരുന്നു . |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ആഗോള ആരോഗ്യ രംഗത്തെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ കോഴ്സുകളും കോളേജുകളും ആരംഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന പി.ജി/ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പി.ജി കോഴ്സുകൾ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് -എമർജൻസി മെഡിസിൻ (3 സീറ്റ്) കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് -അനസ്തേഷ്യ (7 സീറ്റ്),ജനറൽ സർജറി (2 സീറ്റ് ) മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്-ഡെർമറ്റോളജി & വെനീറോളജി(2സീറ്റ്),ഇ.എൻ.ടി(2സീറ്റ്),ഓഫ്താൽമോളജി (2 സീറ്റ്) സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്-DM Infectious Diseases (2 സീറ്റ്),M.Ch പ്ലാസ്റ്റിക് & റീകൺസ്ട്രക്റ്റീവ് സർജറി(1 സീറ്റ് ),M.Ch ന്യൂറോസർജറി (2 സീറ്റ്),DM നെഫ്രോളജി (2 സീറ്റ് ). |

സെക്ഷൻ ഓഫീസർ